DESPATCHED
20/09/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 930(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 7482/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 17**

ശ്രീ. കെ.കെ. ശശിധരൻ,
കണ്ടിയൂർ വീട്,
മറ്റം പി.ഒ., തൃശ്ശൂർ,
പിൻ – 680 602. } അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
റവന്യു ഡിവിഷണൽ ഓഫീസ്,
അയ്യന്തോൾ, തൃശ്ശൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/03/2022, 10/6/2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19/05/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/05/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/06/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/09/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.കെ.ശശിധരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനാലാണ് കമ്മീഷനിൽ പരാതി സമർപ്പിച്ചതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൻമേൽ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 24.02.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, 22.7.2021 തീയതി 497/2021 ആയി സമർപ്പിച്ച അപേക്ഷയിലെ വിശദാംശങ്ങൾ അറിയിക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 04.03.2022 തീയതി എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 24.2.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ

EC.No.497/21 ആയി 22.07.2022 തീയതിയിൽ ആളൂർ വില്ലേജ് ഓഫീസർക്ക് റിപ്പോർട്ടിനായി ഫോർവേഡ് ചെയ്തിട്ടുണ്ടെന്നുമാണ്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.06.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ശശിധരൻ കെ.കെ. 22.7.2021-ൽ 497/21 ആയി സമർപ്പിച്ച അപേക്ഷയിലെ നടപടിക്രമങ്ങൾ/വിശദാംശങ്ങൾ അറിയുന്നതിനുവേണ്ടിയാണ് 24.2.2022 തീയതി വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ആയതിന് 24.2.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ E.C.497/21 ആയി 22.7.22-ൽ ആളൂർ വില്ലേജ് ഓഫീസർക്ക് റിപ്പോർട്ടിനായി ഫോർവേഡ് ചെയ്തിട്ടുള്ളതാണെന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതാണെന്ന് എസ്.പി.ഐ.ഒ. & ജൂനിയർ സൂപ്രണ്ട് 9.3.2022-ന് അപേക്ഷകന് മറുപടി അയച്ചു കൊടുത്തിട്ടുള്ളതാണെന്നും കമ്മീഷനിൽ നിന്നും 27.5.2022 പ്രകാരം കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ മറുപടി കത്തിന്റെ പകർപ്പ് വീണ്ടും ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനെയും എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ പരാതി വസ്തുതാപരമാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. തനിക്ക് വേണ്ടതായ വിവരങ്ങൾക്ക് വേണ്ടി ഹർജിക്കാരൻ വില്ലേജ് ഓഫീസർ, ആർ.ഡി.ഒ., ജില്ലാ കളക്ടർ എന്നിവരെ സമീപിച്ചെങ്കിലും വ്യക്തമായ വിവരം ടിയാന് ലഭിച്ചിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടി സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ച് സെപ്റ്റംബർ 24-നകം ഹർജിക്കാരന് നൽകാൻ എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിന്റെ ഒരു പകർപ്പ് കമ്മീഷനിലും ഹാജരാക്കേണ്ടതും, എസ്.പി.ഐ.ഒ. കമ്മീഷൻ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ടി ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, ആർ.ഡി.ഒ. തൃശ്ശൂർ, കുന്നംകുളം തഹസിൽദാർ, ജില്ലാ കളക്ടർ, തൃശ്ശൂർ എന്നിവർക്ക് അയച്ചു നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ വിവരം നിഷേധിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 17-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ THIRUVANANTHAPURAM